# പള്ളികഥകൾ

## മിനികഥകൾ മുപ്പത്തിയാറ്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ പുതിയ കഥയുമായി വരുന്നുണ്ട്. കഴിഞ്ഞ കുറച്ചധിക ദിവസങ്ങളായി അച്ചൻ വളരെയധികം തിരിക്കിലായിയിരുന്നു. കൂടാതെ അസുഖമായി കിടപ്പിലുമായിരുന്നു.

## വെളുക്കാൻ തേച്ചത്

അമേരിക്കയിലെ ഒരു ചെറിയ സ്ഥലത്തെ ചെറിയ ഒരു പള്ളിയിൽ നടന്ന കഥയാണിത്. മുപ്പത്തിരണ്ടു കുടുംബങ്ങൾ ഉള്ള ഒരു ഇടവകയാണത്. പക്ഷേ, എല്ലാവരും പണക്കാരാണ് ഏകദേശം നാല്പതു കുടുംബാംഗങ്ങൾക്ക് ഇരിക്കാനുള്ള സൗകര്യവും ആ പള്ളിയ്ക്കുണ്ട്. എല്ലാ മൂന്നു വർഷം കൂടുമ്പോഴും അവിടുത്തെ വികാരിമാർ മാറി മാറി വരണമെന്നത് അവർക്ക് നിബന്ധവുമാണ്.

ആ പള്ളിയിലേക്ക് ഒരിക്കൽ സഭയിലെ ഏകദേശം അറുപത് വയസ്സുള്ള ലോക വേദപണ്ഡിതന്മാരിലഗ്രഗണ്യനായ ഒരു മെത്രാച്ചൻ വന്നു. അദ്ദേഹം ലോകം മുഴുവനും സഞ്ചരിച്ചിട്ടുള്ള ഒരാളുമായിരുന്നു.

ആ ഇടവകയിൽ എഴുപത്തിരണ്ടു വയസ്സു പ്രായമുള്ള ഒരു ഡോക്ടറും കുടുംബവുമുണ്ട്. ഡോക്ടർ കോശി വക്കി. അദ്ദേഹത്തിന്റെ ഭാര്യയും രണ്ട് ആൺമക്കളും മരുമക്കളും എല്ലാം ഡോക്ടർമാരാണ്. അവരെല്ലാം കൂടി ഒന്നിച്ച് ഒരു വീട്ടിലായിരുന്നു താമസവും.

വളരെ വിസ്തീർണ്ണമായ പുരയിടത്തിന്റെ നടുക്കായി പ്രത്യേകം രൂപ കല്പന ചെയ്തിട്ടുള്ള ഒരു വലിയ ബംഗ്ലാവിലായിരുന്നു അവർ താമസിച്ചിരുന്നത്. മൂന്നു സ്യൂട്ട്, നടുക്കും ഇരുവശങ്ങളിലുമായി ചേർത്തു വെച്ചതാണ് ആ ബംഗ്ലാവ്. ഓരോസ്യൂട്ടിനും പ്രത്യേകമായ ഒരു ലീവിംഗ് റൂം, അതിനു പുറകിലായി ഇരു വശങ്ങളിലായി ഓരോമുറികൾ. അതിനുപുറകിലായി വലിയ ഒരു മാസ്റ്റർ ബഡ് റൂം. ഇതിന്റെ ഇരു വശങ്ങളിലായി ഓരോ ഭുൾ ബാത്തു റൂം. കിടക്ക തന്നെ രണ്ട് ക്യൂൻ സൈസ് കിടക്കകൾ ഒരല്പം അകത്തിയായി ഇട്ടിരുന്നു. അതായത് ഒരു രാത്രിയോ, ദീർഘനേരമോ അവർ ഇണകളായി ഒന്നിച്ച് കിടക്കത്തില്ല. അത് ആരോഗ്യത്തിന് ഹാനികരമെന്നാണ് അവർ പഠിച്ചു വെച്ചിട്ടുള്ളത്. ഈ മാസ്റ്റർ ബഡ്റൂമിന്റെ ഇരു വശങ്ങളിലായി ഓരോ ചെറിയ ഓഫീസു മുറികളുമുണ്ട്. അവിടെല്ലാം പ്രത്യേകം മേശയും കസേരയും കമ്പ്യൂട്ടറും അങ്ങിനെ എല്ലാ സജ്ജീകരങ്ങളും ഉണ്ട്. എല്ലാവരും മാസ്റ്റേഴ്സും അതിനപ്പുറവും പഠിത്വമുള്ള വലിയ ഡോക്ടേഴ്സ് ആണ്. അവർക്ക് അവരുടെ എന്തെങ്കിലും പണികൾ ചെയ്യാനുണ്ടെങ്കിൽ അവരുടെ ഈ ചെറിയ ഓഫീസിലിരുന്ന് ചെയ്യാം.

വീടിന്റെ ബേസ്മെന്റിലാണ് അടുക്കള. അതിനോട് ചേർന്ന് ഇരു വശങ്ങളിലായി രണ്ട് വലിയ സ്റ്റോർ മുറികൾ. അവിടെ രണ്ടിടത്തുമായി ഭക്ഷണസാധനങ്ങൾ സ്റ്റോർ ചെയ്യണം. എപ്പോഴും വീട്ടിൽ എല്ലാഭക്ഷണസാധനങ്ങളും സുഭിക്ഷമായിരിക്കണം. ഈ വലിയ അടുക്കളയ്ക്ക് തൊട്ടടുത്തായി വലിയ തീൻ മേശ. പത്ത് കസേരകൾ ഇട്ടിരിക്കുന്ന വലിയ മേശയാണത്. മേശയുടെ നടുവിലായി ഒരു റയിൽ പാതയുണ്ട്. ഭക്ഷണസാധനങ്ങൾ ഈ റയിൽ പാതയിൽ വച്ചിരിക്കും. മേശയുടെ ഓരോ ഭാഗത്തുള്ള ബട്ടണിൽ ഞെക്കിയാൽ ഈ ഭക്ഷണങ്ങൾ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കും. അവരവർക്ക് വേണ്ട ഭക്ഷണങ്ങൾ അവരവർ തന്നെ വിളമ്പി കഴിക്കണം. ഇതിന് തൊട്ടടുത്ത ഭാഗത്തായി ജിംനേഷ്യവും, ടേബിൾ ടെന്നീസു കളിക്കാനുള്ള സൗകര്യവും ഉണ്ട്. ഏറ്റവും മുകളിലത്തെ നിലയിൽ വലിയ ഭാമിലി മുറിയും തൊട്ടടുത്തു തന്നെ വലിയ സിനിമാ കാണാനുള്ള വലിയ സ്ക്രീനും ഇരിപ്പടങ്ങളും എല്ലാമുണ്ട്. അതിന്റെ തൊട്ടടുത്തായി ലൈബ്രറിയും വായിക്കാനും പഠിക്കാനുമുള്ള സൗകര്യങ്ങൾ എല്ലാമുണ്ട്. അതിന്റെ അടുത്തായി ആണ് വിരുന്നുകാർക്ക് താമസിക്കാനുള്ള മുറികൾ. ഒരേ സമയം നാലു് വിരുന്നുകാർക്ക് താമസിക്ക തക്ക സൗകര്യത്തോടുകൂടി ഇരു വശങ്ങളിലായി ഈ രണ്ടു മുറികൾ. ഈ വീട്ടിലെ എല്ലാ ബെഡ്റൂമുകൾക്കും അറ്റാച്ചട് വാക്ക്ഇൻ ബാത്തുറൂമുകൾഉണ്ട്. വീടിന്റെ ഏറ്റവും മുളിലായി വിശാലമായ സ്ഥലത്ത് അവരുടെ ഹെലിക്കോപ്പ്റ്റർ കിടപ്പുണ്ടായിരിക്കും. കൂടാതെ അവർ താമസിക്കുന്നതിന് അധികം ദൂരെയല്ലാതെ ചെറിയ ഒരു വിമാനത്താവളത്തിൽ അവരുടെ ചെറിയ ഒരു വിമാനവും ഉണ്ട്. അപ്പനും രണ്ടു മക്കളും ഈ ഹെലിക്കോപ്പ്റ്റും വിമാനവും ഓടിക്കുമെങ്കിലും ഒരിക്കലും അവർ എല്ലാവരും കൂടെ ഒന്നിച്ച് ഹെലിക്കോപ്പറ്ററിലോ വിമാനത്തിലോ യാത്ര ചെയ്യുകയില്ല. ഒരാൾ പൈലറ്റായും അടുത്തയാൾ നാവിഗേറ്ററുമായും യാത്ര ചെയ്യും.

വീടിന് താഴെ മുതൽ മുകൾ വെരെ പോകാൻ ലിഫ്റ്റ് ഉണ്ട്. ആ വീട്ടിലെ മുഴവൻ കാര്യങ്ങളും നിയന്ത്രിക്കുന്നത് ആ വീട്ടിലെ മാനേജരാണ്. അയാളുടെ ഭാര്യയാണ് അവിടുത്തെ പ്രധാന കുക്ക്. കൂടാതെ ഒരാളുള്ളത് ഭക്ഷണം സവ് ചെയ്യുക, വീട് മുഴുവനും ക്ലീൻ ചെയ്യുക. അവളുടെ ഭർത്താവാണ് ആ വീട്ടിലെ ഹാന്റീമാൻ. ആ വീട്ടിൽ എന്തെങ്കിലും റിപ്പയർ പണിയുണ്ടെങ്കിൽ അയാളാണ് അത് ചെയ്യേണ്ടത്. അയാളു തന്നെയാണ് കടയിൽ പോകുന്നതും സാധനങ്ങൾ വാങ്ങുന്നതും എല്ലാം. ഇതു കൂടാതെ വിശാലമായ ആ പുരയിടം മുഴുവനും പുല്ല് ചെത്തുന്നതും, ഗാഡ്ൻ പണി ചെയ്യുന്നതും എല്ലാം വേറെ ആൾ. കൂടാതെ മൂന്നു ഷിഫ്റ്റായി മൂന്നു പേർ എപ്പോഴുംപുരയിടത്തിന്റെ ചുറ്റും നടന്നു നോക്കാനായിട്ട് വേറെയുണ്ട്. കൂടാതെ മൂന്നു ഷിഫ്റ്റിലായി ജോലി ചെയ്യാനായി മൂന്നുഗയിറ്റുകീപ്പർമാർവേറെയുണ്ട്. വീടിന് വെളിയിലുള്ളവർക്ക് താമസിക്കാനായി ആ പുരയിടത്തിൽ തന്നെ താമസസൗകര്യമുണ്ടെങ്കിലും എല്ലാവരുടേയും ഭക്ഷണങ്ങൾ എല്ലാം ആ വീട്ടിൽ തന്നെ. ചുരുക്കി പറഞ്ഞാൽ ആ വീട്ടിന്റെ അകത്തും പുറത്തും ജോലിചെയ്യുന്നവർ എല്ലാം അവിടെ തന്നെ താമസിക്കുന്നവരാണ്. വെളിയിൽ നിന്ന് യാതൊരു കാരണവശാലും ആരും തന്നെ യാതൊരു പണിക്കായും അവിടെ വരേണ്ടതില്ല. അവിടെ താമസിക്കുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കുമെല്ലാം അവിടെ തന്നെ എപ്പോഴും തിരക്കിട്ട ജോലികൾ ഉണ്ട്.

ഇങ്ങിനെയുള്ളയിടത്തേക്കാണ് നമ്മുടെ മെത്രാച്ചനെതാമസിപ്പിക്കാനായി ഏപ്പാടു ചെയ്തത്. ഇതെല്ലാം കണ്ടും കേട്ടും മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തിനു തന്നെ വലിയ ഭയമായി അവിടെ താമസിക്കാൻ. ആ വീട്ടിലെ അപ്പനും മക്കളുമെല്ലാം ആ പള്ളിയിലെ ശുശ്രൂഷാ പണികളും ചെയ്യുന്നുണ്ട്.

ഞായറാഴ്ച കാലത്ത് പള്ളിയിലേക്ക് തിരിച്ച നമ്മുടെ മെത്രാച്ചൻ മുക്കാൽ വഴിയായപ്പോളാണ് അറിയുന്നത് വായിലെ ഡന്റേച്ചർ എടുക്കാൻ മറന്നു പോയ കാര്യം. ഈ വീട്ടിൽ നിന്ന് ഒന്നര മണിക്കൂർ യാത്ര ചെയ്താൽ മാത്രമേ പള്ളിയിലേക്ക് എത്തിച്ചേരുകയുള്ളു. വലിയ ഡോക്ടറോട് വിവരം പറഞ്ഞ് ഒരു മണിക്കൂർ പിന്നേയും യാത്ര ചെയ്ത് വീട്ടിലേക്ക് പോയി. വിവരമറിയിക്കാൻ പള്ളിയിലെ അച്ചനെ ഫോൺ ചെയ്തപ്പോൾ അത് ഓഫാണ്. മെത്രാച്ചനെ കാണാതെ അച്ചൻ വിളിച്ചപ്പോഴാണ് വിവരം അറിയുന്നത്. പള്ളിയിൽ നിന്നും ഇത്രയും അകലെയുള്ള വീട്ടിൽ എന്നെ എന്തിനാക്കി എന്ന പരാതിയേ മെത്രാച്ചനുണ്ടായിരുന്നുള്ളു.